LIBRARY ARCHIVES Kerala Legislative Assembly

രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുത് യോജന -കരാറുകാർക്ക് കുടിശ്ശിക

14 (2252) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ് ഗാന്ധി ഗ്രാമീണ വിദ്യുത് യോജന പ്രകാരം നിർമ്മാണം നടത്തിയ കരാറുകാർക്ക് എത്ര കാലയളവിലെ തുക നൽകാനുണ്ടായിരുന്നു ; എത്ര തുക കുടിശ്ശിക ആയി ഉണ്ടായിരുന്നു ;

(ബി) പ്രസ്തുത തുക കേന്ദ്ര സർക്കാർ മുൻകൂറായി സംസ്ഥാന വൈദ്യുതി ബോർഡിന് അനുവദിച്ചിരുന്നോ ;

(സി) പ്രസ്തുത തുക കരാറുകാർക്ക് വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) 2011-12 മുതൽ 2014-15 വരെ മൊത്തം 1.05 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നു.

(ബി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പ്രകാരം അംഗീകാരം കിട്ടിയതിൽ അധികമായി വന്ന പ്രവൃത്തികൾക്കുള്ള തുകയാണ് കുടിശ്ശികയായത്. ഈ തുക കേന്ദ്ര സർക്കാരിൽ നിന്നും മുൻകൂറായി ബോർഡിന് ലഭിച്ചിട്ടില്ല.

(സി) ബില്ലുകൾ പാസ്സാക്കി തുക കരാറുകാർക്ക് നൽകിക്കൊണ്ടിരിക്കുന്നു. നിലവിൽ 1.02 കോടി (ഒരു കോടി രണ്ട് ലക്ഷം രൂപ മാത്രം) രൂപ കൊടുത്തു കഴിഞ്ഞു.

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ വൈദ്യുതി തടസ്സം ഒഴിവാക്കുവാൻ നടപടി

15 (2253) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ വൈദ്യുതി യഥാസമയം ലഭിക്കാത്തതിനാൽ ഓപ്പറേഷനും മറ്റും തടസ്സം ഉണ്ടാകുകയും ആശുപത്രിയുടെ പ്രവർത്തനം തന്നെ താറുമാറാകുകയും ചെയ്യുന്നതിനാൽ ലോഡ് ഷെഡിംഗ് സമയത്തും മറ്റും കറന്റ് കട്ട് ഒഴിവാക്കുന്നതിനുവേണ്ടി പാറശ്ശാല സബ് സ്റ്റേഷനിൽ പാറശാല ആശുപത്രിക്കുവേണ്ടി ഒരു പുതിയ ഫീഡർ ലൈൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പാറശ്ശാല താലൂക്ക് ആശുപത്രിയിൽ നിലവിൽ എൽ.റ്റി. 3 ഫേസിന്റെ 4 സർവ്വീസ് കണക്ഷനുകൾ ഉണ്ട്. ഇതിലേയ്ക്കായി ആശുപത്രി പരിസരത്ത് 100 കെ.വി.എ.-യുടെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ട്. പാറശ്ശാല സബ് സ്റ്റേഷനിൽ നിന്നുള്ള കാരോട് 11 കെ.വി. ഫീഡറിലാണ് പ്രസ്തുത ട്രാൻസ്ഫോർമർ ഇപ്പോൾ ഉള്ളത്. കാരോട് ഫീഡറിൽ ഇപ്പോൾ വൈദ്യുതി തടസ്സം കൂടുതലായതിനാലും ടി ഫീഡർ ഓവർ ലോഡ് ആയതിനാലും, സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽപ്പെടുത്തി കാരോട് ഫീഡറും പാറശ്ശാല സബ്സ്റ്റേഷനിൽ നിന്നുള്ള പാറശ്ശാല ഫീഡറും തമ്മിൽ ഇന്റർ ലിങ്ക് ചെയ്യുന്ന പ്രവൃത്തിക്ക് 2014 സെപ്തംബറിൽ സാങ്കേതികാനുമതി നൽകുകയും പ്രസ്തുത പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തിയാകുന്നതോടുകൂടി പാറശ്ശാല താലൂക്ക് ആശുപത്രിയിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സം പരിഹരിക്കപ്പെടുന്നതാണ്.

പാറശ്ശാല താലൂക്ക് ആശുപത്രിയ്ക്കു മാത്രമായി ഒരു 11 കെ.വി ഫീഡർ ആവശ്യമാണെങ്കിൽ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014, റെഗുലേഷൻ13 പ്രകാരം, അപേക്ഷ നൽകുന്ന പക്ഷം സാധ്യതാ പഠനം നടത്തി അറിയിപ്പ് നൽകുകയും ആവശ്യമായ തുക ഒടുക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാവുന്നതുമാണ്.

കാവാലം സബ്സ്റ്റേഷൻ നിർമ്മാണം

16 (2254) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

കാവാലത്ത് ഒരു 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 1999-ൽ നൽകിയിരുന്നു. ഇതിനായി കാവാലം വില്ലേജിൽ സ്ഥലം കണ്ടെത്തിയിരുന്നെങ്കിലും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം പ്രസ്തുത സ്ഥലം നികത്തുന്നതിന് അനുമതി ലഭ്യമായിരുന്നില്ല. ഇപ്പോൾ കുട്ടനാട് താലൂക്കിൽ നീലംപേരൂരിൽ ഈര എന്ന സ്ഥലത്ത് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതു സംബന്ധിച്ചുള്ള സാദ്ധ്യതാ പഠനം നടന്നു വരുന്നു.